7 27-2-2014-ലെ സ.ഉ. (കൈ) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

8. 4-1-2014-ലെ സ.ഉ. (കൈ) നമ്പർ 8/2014/ആ.കു.വ പ്രകാരം സർക്കാർ നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

9. 30-4-2014-ലെ സ.ഉ. (കൈ) നമ്പർ 131/2014/ആ.കു.വ. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

10. 30-5-2014-ലെ സ.ഉ. (കൈ) നമ്പർ 160/2014/ആ.കു.വ പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

11. 28-7-2014-ലെ സ.ഉ. (കൈ) നമ്പർ 134/2012/റ്റി.ഡി. പ്രകാരം അഗ്രികൾച്ചർ ഇൻകം ടാക്സും സെയിൽ ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറുടെ പെൻഷൻപ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

സാമ്പത്തിക അച്ചടക്കം നടപ്പിലാക്കുന്നത് സംബന്ധിച്ച്

97 (103) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക കാര്യത്തിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എടുത്ത പ്രമുഖ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) ഈ രംഗത്ത് സർക്കാരിന്റെ പരിഗണനയിലുള്ള മറ്റ് പരിപാടികൾ വെളിപ്പെടുത്താമോ ;

(സി) തീരുമാനങ്ങളിൽ ഏതെങ്കിലും പൂർണമായും നടപ്പാക്കാൻ സാധ്യമാകാതെയുണ്ടായോ ; നടപ്പിലാക്കാൻ കഴിഞ്ഞവ ഏതെല്ലാം; മന്ത്രിമാരുടെ എണ്ണത്തിൽ കുറവ് വരുത്തുകയുണ്ടായോ; എ.ഡി.ജി.പി.മാരുടെ തസ്തികകൾ എത്ര കുറച്ചു; ഏതെല്ലാം പാഴ് ചെലവുകൾ വെട്ടിച്ചുരുക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമ്പത്തിക കാര്യങ്ങളിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2016 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. വിവിധ ഓഫീസ് ചെലവുകൾ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട് 19-9-2014-ലെ സ.ഉ.(പി)നമ്പർ 399/14/ധന, സ.ഉ.(പി)നമ്പർ 400/14/ധന, 23-9-2014-ലെ സ.ഉ.(പി)നമ്പർ 409/14/ധന, 10-11-2014-ലെ സ.ഉ. സ.ഉ.(പി)നമ്പർ 482/14/ധന, 29-12-2014-ലെ സ.ഉ.(പി)നമ്പർ 583/14/ധന, 11-10-2013-ലെ സ.ഉ.(പി)നമ്പർ 515/13/ധന, 28-11-2013-ലെ സ.ഉ.(പി)നമ്പർ 580/13/ധന, എന്നീ ഉത്തരവുകൾ പ്രകാരമാണ് ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-1-2015 സ.ഉ.(പി)നമ്പർ 48/2015/ധനപ്രകാരം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA)നടപ്പിലാക്കി.

(ബി) ഈ രംഗത്ത് മറ്റ് പരിപാടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി മേൽതീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഫലപ്രാപ്തി ലഭ്യമായിവരുന്നതേയുള്ളൂ. മന്ത്രിമാരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല. എ.ഡി.ജി.പി. മാരുടെ തസ്തികകളൊന്നും കുറച്ചിട്ടില്ല. ചെലവുകൾ നിയന്ത്രിക്കുന്നതിനായി മേൽപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.